കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***<u>പ്രസിദ്ധീകരണത്തിന്</u>***

തീയതി 25.07.2020

## ദേശീയപാത 66 വികസനം : തളിപ്പറമ്പ് – മുഴപ്പിലങ്ങാട് റീച്ചിനും അംഗീകാരം – മന്ത്രി ജി.സുധാകരൻ

ദേശീയപാത 66 ൽ കാസർഗോഡ് തലപ്പാടി മുതൽ കഴക്കൂട്ടം വരെയുള്ള ആറുവരിപ്പാത വികസനത്തിന്റെ ഭാഗമായ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് – മുഴപ്പില ങ്ങാട് റീച്ചിനും സ്റ്റാന്റിംഗ് ഫിനാൻസ് കമ്മിറ്റി (എസ്.എഫ്.സി) അംഗീകാരം ലഭിച്ച തായി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി.സുധാകരൻ അറിയിച്ചു. ഇതോടെ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ പ്രവൃത്തികൾക്കു അംഗീകാരം ലഭിച്ചതായി മന്ത്രി പറഞ്ഞു.

ഇതിൽ തലശ്ശേരി – മാഹി ബൈപ്പാസ് പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാ ണ്. കോഴിക്കോട് ബൈപ്പാസ് പ്രവൃത്തി കരാർ വെച്ചെങ്കിലും കരാർ കമ്പനിയുടെ സാമ്പത്തിക പ്രശ്നങ്ങൾ കാരണം പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്നതായി ദേശീയ പാത അതോറിറ്റി അറിയിച്ചിരുന്നു.

തലപ്പാടി – ചെങ്ങള, ചെങ്ങള – നീലേശ്വരം, നീലേശ്വരം – തളിപ്പറമ്പ്, തളിപ്പ റമ്പ് – മുഴപ്പിലങ്ങാട് എന്നീ നാലു റീച്ചുകളാണ് ടെണ്ടർ നടപടി സ്വീകരിച്ചിരുന്നത്. സ്ഥലമെടുപ്പ് നടപടികൾ അന്തിമഘട്ടത്തിലായ പ്രസ്തുത നാല് റീച്ചുകൾക്കുമാണ് എസ്.എഫ്.സി അംഗീകാരം ലഭിച്ചിരിക്കുന്നതെന്നും മന്ത്രി അറിയിച്ചു. നീലേശ്വരം റെയിൽ ഓവർ ബ്രിഡ്ജ്, കഴക്കൂട്ടം മേൽപ്പാലം, മൂരാട്, പാലോളി പാലങ്ങൾ എന്നിവ സ്റ്റാന്റ് എലോൺ പ്രോജക്ടുകളായി നടപ്പിലാക്കുന്നുണ്ടെന്നും മന്ത്രി പറ ഞ്ഞു.

ഇക്കഴിഞ്ഞ 24 നു ചേർന്ന എസ്.എഫ്.സി അംഗീകാരം നൽകിയ തളിപ്പറമ്പ് – മുഴുപ്പിലങ്ങാട് റീച്ചിനു സിവിൽ പ്രവൃത്തിക്കു 1428.94 കോടി രൂപയും സ്ഥലമെടു പ്പിനു 1234.80 കോടി രൂപയുമാണ് കണക്കാക്കിയിട്ടുള്ളത്. ടെണ്ടർ ഇക്കഴിഞ്ഞ ജനുവ രിയിൽ ക്ഷണിച്ചതായും, അതിന്റെ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചു സമയബന്ധിത മായി പൂർത്തീകരിക്കുമെന്നും എൻ.എച്ച്.എ.ഐ അറിയിച്ചിട്ടുണ്ട്. 30 മാസമാണ് പ്രതീക്ഷിത നിർമ്മാണക്കാലാവധി. ഇതിൽ ഒരു വലിയ പാലവും മൂന്നു ചെറിയ പാലങ്ങളും, 91 കൾവർട്ടുകളും, 5 മേൽപ്പാലങ്ങളും, 5 വയഡക്റ്റുകളും ഉൾപ്പെടുന്നു ണ്ട്. ആകെ റോഡിന്റെ നീളം 29.948 കിലോമീറ്ററാണ്. 38.456 കിലോമീറ്റർ സർവ്വീസ്

റോഡും സ്ലിപ്പ് റോഡും ഈ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും മന്ത്രി അറിയിച്ചു.

സംസ്ഥാനത്തെ പശ്ചാത്തല വികസനത്തിൽ ഏറെ പ്രാധാന്യമുള്ള ദേശീയ പാത ആറുവരി വികസനം കാലങ്ങളായി തടസ്സപ്പെട്ടു കിടക്കുകയായിരുന്നു. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ പൊതുമരാമത്ത് വകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കേന്ദ്ര മന്ത്രിയുമായി ഒന്നിലേറെ തവണ ചർച്ചകൾ നടത്തിയതിന്റെ ഭാഗമായാണ് ഇപ്പോൾ ദേശീയപാത 66 വികസനം യാഥാർത്ഥ്യമാകുന്നത്. സ്ഥലമെടുപ്പിന്റെ തുകയുടെ 25 ശതമാനം സംസ്ഥാനമാണ് വഹിക്കുന്നത്.

ആ തുക കിഫ്ബി വഴിയാണ് നൽകുന്നത്. നടക്കുകയില്ലെന്നു കരുതിയ പല വൻകിട പ്രോജക്ടുകളും ഈ സർക്കാരിന്റെ കാലത്തു തന്നെ പൂർത്തീകരിക്കാനായി എന്നതും, ബാക്കിയുള്ളവ യാഥാർത്ഥ്യമാക്കാൻ ഇച്ഛാശക്തിയോടെ ഈ സർക്കാർ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുവെന്നതിന്റേയും തെളിവാണ് ദേശീയപാത വികസനത്തിൽ ഉണ്ടായ പുരോഗതിയെന്നും മന്ത്രി ജി.സുധാകരൻ പറഞ്ഞു.